MAY 2025 **U/ID 30730/ULD3A**

Time : Three hours Maximum : 75 marks

PART A — (10 × 2 = 20 marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തരമെഴുതുക.

1. നിനക്കു വേണ്ടതു സ്വാതന്ത്ര്യമല്ലേ, ഇവിടെ അതേയുള്ളൂ - എങ്ങനെ?

2. രണ്ടാമൻ തിന്നപ്പെടുന്നു - ആരെക്കുറിച്ചാണ് പറയുന്നത്?

3. കാളിമ പൂശുന്നു വന്ന മൂവന്തികൾ
കേളി കൊട്ടുമ്പോൾ നടുങ്ങുന്നു മാനസം
- ആരുടെ? എപ്പോൾ?

4. അവരവർക്കിഷ്ടമായിട്ടിരിക്കണം - കവിക്ക് ഇഷ്ടമല്ലാത്ത ഏതു കാര്യത്തെക്കുറിച്ചാണ് ആദ്യം സൂചിപ്പിക്കുന്നത്?

5. നിൻ തേരോടുന്നിതു ബുധരെങ്ങു
നോക്കിയാലും
- എങ്ങനെ?

6. അപ്പപ്പോൾ തന്നോടു ചേരും നദികളെ
യുപ്പു പിടിപ്പിക്കില്ലിസ്സമുദ്രം!
- കവിതയേത്? ഇവിടെ അർത്ഥമാക്കുന്നതെന്ത്?

7. നക്ഷത്രമാലകളാടുമോ മീതേ - എപ്പോഴാണ് ഇങ്ങനെ പറയുന്നത്?

8. പിന്നെപ്പിന്നെ, തുണയായ് നീണ്ട
മഹാഹസ്തങ്ങളയഞ്ഞൂ
- എപ്പോൾ? തുണയായ് വന്നതാര്? സന്ദർഭമേത്?

9. മകന്റെ നേർക്ക് വാഗ്രൂപമായി അമ്മ വലിച്ചുവിട്ട വജ്രബാണം എന്നതിലൂടെ അമ്മയുടെ ഏതു ചോദ്യമാണ് കവി ഉദ്ദേശിക്കുന്നത്?

10. മതിലിന്നകം പൂകെത്തമ്പിരാനരുൾ ചെയ്തു - എന്താണ് പറഞ്ഞത്?

11. എത്ര ദുർബലനായ വേടൻ - പൊരുളെന്ത്?

12. അഭ്രച്ചേറിലയ്യോ മുങ്ങി മുങ്ങീലെന്നപോലെ നിൽക്കെ - എന്ത്? എങ്ങനെ?

PART B — ($5 \times 5 = 25$ marks)

അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. മലയാള കവിതയ്ക്ക് ഒരു കത്ത് എന്ന കവിതയുടെ പ്രസക്തി ചർച്ച ചെയ്യുക.

14. മരണത്തെ ഉപാസിക്കുകയാണ് ഇടപ്പള്ളിയെന്ന് വ്യക്തമാക്കുന്ന സന്ദർഭങ്ങൾ ഏറെയുണ്ട് - കവിതയെ ആസ്പദമാക്കി വിശദമാക്കുക.

15. സർവേ ഓഫ് ഇന്ത്യ അവതരിപ്പിക്കുന്ന പച്ചയായ യാഥാർത്ഥ്യങ്ങൾ കവിതയ്ക്ക് പുതിയ മാനം നൽകുന്നു - വിശദീകരിക്കുക.

16. കാവിലെ പാട്ട് കൈകാര്യം ചെയ്യുന്ന ദാർശനികവിഷയങ്ങളെക്കുറിച്ച് വിശദമാക്കുക.

17. സുഗതകുമാരിയുടെ വീക്ഷണത്തിലേക്ക് ഗജേന്ദ്രമോക്ഷമെന്ന കഥയിലെ ആശയം കടന്നു വരുമ്പോൾ കാണാവുന്ന സവിശേഷതകൾ എന്തെല്ലാം?

18. പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ എന്ന കവിതയിലെ ആശയമെന്ത്?

19. ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി എന്ന കവിത യിലെ പ്രമേയമെന്ത്? വിശദീകരിക്കുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും <u>500</u> വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. ദാർശനികവിഷയങ്ങളാണ് കാവിലെ പാട്ടിൽ കാണാനാവുക പരിശോധിക്കുക.

21. കാവ്യകല കവിതയെക്കുറിച്ചു തന്നെയാണ് എടുത്തുപറയുന്നത് - നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

22. ആത്മനിഷ്ഠമായ വിഷയങ്ങളാണ് മലയാളത്തിലെ പുതിയ കവിതകൾ കൈകാര്യം ചെയ്യുന്നത് - ശരിയോ? വിലയിരുത്തുക.

23. ഏറ്റവും പ്രസക്തമായ പുതിയ വിഷയങ്ങളിലേക്കാണ് പുതുകവിതകൾ കടന്നുവരുന്നത് - പരിശോധിക്കുക.

24. ജീവിതത്തിലെ രണ്ട് വ്യത്യസ്ത വേഷങ്ങളിൽ അനുഭവിക്കേണ്ടിവരുന്ന ആത്മസംഘർഷത്തെ കവിതയിലൂടെ ജി. ശങ്കരക്കുറുപ്പ് വെളിപ്പെടുത്തുന്നു - വിശദമാക്കുക.
